പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3860 15-3-2017 ൽ മറുപടിക്ക്

## കുറ്റ്യാടി നിയോജക മണ്ഡലത്തിൽഹൈമാസ്റ്റ് ലൈറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ. എ.സി.മൊയ്തീൻ**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ മൂന്ന് ഗ്രാമപഞ്ചായത്തുകളിലായി ഒമ്പത് സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് G.O (RT) 1208/2016/LSWD തീയതി 4.3.2016 പ്രകാരം ഭരണാനുമതി നൽകിയ 24,50,000 (ഇരുപത്തി നാല് ലക്ഷത്തി അമ്പതിനായിരം) രൂപയുടെ പദ്ധതി കൊല്ലത്തെ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (KEL) ലിമിറ്റഡിനെ പ്രവർത്തി നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതായി അറിയാമോ; | (എ) അറിയാം |
| (ബി) എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നാണോ എസ്റ്റിമേറ്റ് തുക അനുവദിച്ചിട്ടുള്ളത്; | (ബി) അതെ. |
| (സി) എങ്കിൽ പ്രവൃത്തി ഇപ്പോൾ ഏത ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (സി) തിരുവള്ളൂർ, ആയഞ്ചേരി, വില്യാപ്പിള്ളി പഞ്ചായത്തുകളിലാണ് പ്രവർത്തികളുള്ളത്. ഇതിൽ ആയഞ്ചേരി പഞ്ചായത്തിന് പി.ഡബ്ല്യൂ.ഡി യിൽ നിന്നും |

ലഭിയ്ക്കേണ്ട റോഡ് കട്ടിംഗിനുള്ള അനുമതി ഇതുവരെയും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് ലഭിച്ചിട്ടില്ല. പി.ഡബ്ല്യൂ.ഡി യിൽ നിന്ന് റോഡ് കട്ടിംഗിനുള്ള അനുമതി ലഭിച്ച തിരുവല്ലൂർ, വില്യാപ്പിള്ളി പഞ്ചായത്തുകളിൽ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.

| | | | |
|---|---|---|---|
| ഡി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ KEL ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്; | ഡി) | സർക്കാർ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് പഞ്ചായത്തുകളോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഈ വർഷം ആദ്യമാണ് പഞ്ചായത്തിൽ നിന്നും അനുമതി ലഭിച്ചത്. ആയതിനാൽ പ്രവർത്തികൾ ഈ വർഷം ആദ്യം മാത്രമേ തുടങ്ങാൻ സാധിച്ചുള്ളു. |
| ഇ) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ KEL-ന്റെ മുന്നിലുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ? | ഇ) | ഉണ്ട്; ആയഞ്ചേരി പഞ്ചായത്തിൽ റോഡ് കട്ടിംഗിനുള്ള അനുമതി പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിച്ചാൽ മാത്രമേ പ്രവർത്തികൾ തുടങ്ങുവാൻ സാധിക്കു. മറ്റ് രണ്ട് പഞ്ചായത്തിലും എഗ്രിമെന്റ് കിട്ടി മൂന്ന് മാസത്തിനകം പ്രവർത്തികൾ പൂർത്തികരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ